**SUPRAPRABHATHAM - 23-06-2024**

# ഐ.ക്യൂ.എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം

**കൊച്ചി** ▸ രാജ്യത്തിന്റെ സമുദ്രോൽപന്ന കയറ്റുമതിയെ ഉയർത്താൻ പ്രകൃതിദത്ത റഫ്രിജറന്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറന്റുകൾ ഉപയോഗിച്ചുള്ള അത്യാധുനിക ഐ.ക്യൂ.എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു.

ഐ.സി.എ.ആർ സിഫ്ട്, എൻ.ടി.എൻ.യു, നോർവേ, വിദേശകാര്യ മന്ത്രാലയം എന്നിവരുടെ സഹകരണത്തോടെ 'ഫ്യൂച്ചർ റഫ്രിജറേഷൻ ഇന്ത്യ: ഇൻഡീ' പദ്ധതിക്ക് കീഴിലാണ് പ്രകൃതിദത്ത റഫ്രിജറന്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് പ്രവർത്തിപ്പിച്ച് റഫ്രിജറേഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഈ കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് റഫ്രിജറേഷൻ സിസ്റ്റം ഉപയോഗിച്ച് മത്സ്യഉൽപന്നങ്ങളെ മൈനസ് 43 ഡിഗ്രി സെൽഷ്യസിൽ തണുപ്പിക്കാൻ കഴിയും. സി.എഫ് ടെക് പ്രൈവറ്റ് ലിമിറ്റഡാണ് സമാരംഭിച്ച കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് ഐ.ക്യൂ.എഫ് ഫ്രീസർ യൂനിറ്റ് നിർമിച്ചുനൽകിയിരിക്കുന്നത്. യു.സി.ഒ ബാങ്ക് സോണൽ മാനേജർ അജിത്ത്, ബ്രാഞ്ച് മാനേജർ പ്രവീൺ എന്നിവർ ചേർന്ന് കൊച്ചിയിലെ ബെൽഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിലാണ് കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറന്റ് ഉപയോഗിച്ചുള്ള ഐ.ക്യൂ.എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തത്.